**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202** **30-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ശരാശരി പ്രതിശീർഷ വരുമാനം സംസ്ഥാനത്തെ ശരാശരി പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമായതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവജനങ്ങളെ വികസന മുഖ്യധാരയിലെത്തിക്കുന്നതിന് പരിപാടിയുണ്ടോ; | (എ) | ഉണ്ട്. വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളി കളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിദ്യാതീരം എന്ന തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി കളുടെ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്-നും 84 പേർക്ക് ഇതര പ്രൊഫഷണൽ കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ സിവിൽ സർവ്വീസ്, ബാങ്ക് ടെസ്റ്റ്, പി.എസ്.സി കോച്ചിംഗ് എന്നിവയിൽ 357 പേർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാ തീരം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സാഫ് മുഖേന നടപ്പിലാക്കി വരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു പാസ്സായ 20 നും 35 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും |

| | | | |
|---|---|---|---|
| | | | നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വവികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കംപ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന ഫിനിഷിംഗ് സ്കൂൾ, തീരനൈപുണ്യ എന്നീ പദ്ധതി പ്രകാരം ഇതുവരെ 1706 മത്സ്യത്തൊഴിലാളി യുവതികൾക്ക് പരിശീലനം നൽകുകയും ഇതിനായി ആകെ 239.91 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പരിശീലനം പൂർത്തിയാക്കിയ യുവതികൾക്ക് കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ്(എൻ.ഐ.ഡബ്ല്യൂ.എസ്) മുഖേന 900 പേരെ പരിശീലനം നൽകി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ട്രെയിനിംഗ് കാലാവധി 60 ദിവസമാണ്. ഇവർക്ക് ടൂറിസം, റിസോർട്ടുകൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇന്ത്യയിലും വിദേശത്തും ജോലി സാദ്ധ്യതകൾ ഉണ്ട്. ഇതുമൂലം മത്സ്യത്തൊഴിലാളി യുവജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ സാധിക്കുന്നതാണ്. നിലവിൽ 612 പേരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചട്ടങ്ങൾക്കും നിരക്കിനും വിധേയമായിട്ടാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നത്. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാൻറ്, പ്രതിമാസ സ്റ്റൈപൻറ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു. പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം നൽകുന്നതിന് ഇ-ഗ്രാൻറ്സ് സംവിധാനം പ്രയോജനപ്പെടുത്തുന്നു. |
| (സി) | വിദ്യാതീരം പദ്ധതിയിലൂടെ പ്രൊഫഷണൽ | (സി) | വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ |

| | | | |
|---|---|---|---|
| | കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയിൽ മികവ് കൈവരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | | മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻടൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2020-21 വരെ മെഡിക്കൽ എൻടൻസ് പരിശീലനം ലഭിച്ച 331 പേരിൽ 49 പേർക്ക് എം.ബി.ബി.എസ്സിനും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം വിദ്യാതീരം പദ്ധതിക്ക 13 കോടി രൂപയും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കാൻ പദ്ധതി ഇതര ശീർഷകത്തിൽ 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ